# വിശ്വാസികൾ
# (1)

ദൂത് ഒന്ന്

## ശിഷ്യന്മാരും, വിശ്വാസികളും, വിശുദ്ധന്മാരും, ക്രിസ്ത്യാനികളും

RA *Hymns*: E903, ML308

തിരുവെഴുത്ത് വായന: മത്താ. 5:1; 28:19;
2 കൊരി. 6:14-16; 1 കൊരി. 1:2; 1 പത്രൊ. 4:16

മത്താ. 5:1 പുരുഷാരത്തെ കണ്ടപ്പോൾ അവൻ മലയിലേക്കു കയറിപ്പോയി. അവൻ ഇരുന്നശേഷം അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും,

2 കൊരി. 6:14 അവിശ്വാസികളുമായി അസമമായി നുകം വയ്ക്കരുത്. നീതിക്കും അധർമത്തിനും തമ്മിൽ എന്ത് പങ്കാളിത്തം? വെളിച്ചത്തിന് ഇരുട്ടുമായി എന്ത് കൂട്ടായ്മ?

2 കൊരി. 6:15 ക്രിസ്തുവിന് ബെലീയാലുമായി എന്ത് പൊരുത്തം? വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് പങ്ക്?

2 കൊരി. 6:16 ദൈവാലയത്തിന് വിഗ്രഹങ്ങളുമായി എന്ത് യോജിപ്പ്? "ഞാൻ അവരുടെ ഇടയിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവും ആകും" എന്ന് ദൈവം അരുളിച്ചെയ്തതുപോലെ, നാം ജീവനുള്ള ദൈവത്തിന്റെ ആലയം ആകുന്നു.

1 കൊരി. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 പത്രൊ. 4:16 എന്നാൽ ക്രിസ്ത്യാനിയായിട്ട്, അവൻ ലജ്ജിക്കാതെ ഈ നാമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

**I. നാല് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ദൈവ-മനുഷ്യ ജീവിതത്തിന്റെ യഥാർഥ അവസ്ഥയായ, യേശുവിലുള്ള യാഥാർഥ്യമനുസരിച്ച് ക്രിസ്തുവിനെ അനുഗമിക്കുകയും പഠിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ശിഷ്യന്മാരാണ് നാം; ഇത് സഭയിലും പുതിയ യെരൂശലേമിലും അവന്റെ മഹത്വത്തിനുവേണ്ടി അവന്റെതന്നെ ഒരു സംഘാത ആവിഷ്കാരം അവന് ഉണ്ടായിരിക്കുവാൻ തക്കവണ്ണം നാം അവന്റെ ജൈവിക പുനരുല്പാദനവും തനിപ്പകർപ്പുമായിത്തീരേണ്ടതിന് ക്രിസ്തുവിനെ അവന്റെ അനുഭവങ്ങളിൽ അനുഭവമാക്കുന്നതാണ്—മത്താ. 5:1; 28:19; എഫെ. 4:20-24; 3:21; യെശ. 43:7; വെളി. 21:11:**

മത്താ. 5:1 പുരുഷാരത്തെ കണ്ടപ്പോൾ അവൻ മലയിലേക്കു കയറിപ്പോയി. അവൻ ഇരുന്നശേഷം അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു.

മത്താ. 28:19 ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും

| | |
|---|---|
| | പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു സ്നാനപ്പെടുത്തിക്കൊണ്ടും, |
| എഫെ. 4:20 | യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, |
| എഫെ. 4:21 | നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്, |
| എഫെ. 4:22 | നിങ്ങളുടെ മുമ്പിലത്തെ നടപ്പു സംബന്ധിച്ച്, വഞ്ചനയുടെ മോഹങ്ങൾക്കനുസൃതമായി ദുഷിക്കപ്പെടുന്ന, പഴയ മനുഷ്യനെ ഉരിഞ്ഞു കളയുകയും, |
| എഫെ. 4:23 | നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും, |
| എഫെ. 4:24 | യാഥാർഥ്യത്തിന്റെ നീതിയിലും വിശുദ്ധിയിലും ദൈവാനുസൃതമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കുകയും ചെയ്യുവിൻ. |
| എഫെ. 3:21 | സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ. |
| യെശ. 43:7 | എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും. |
| വെളി. 21:11 | അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു. |

A. ഒന്നാമത്തെ ദൈവ-മനുഷ്യനായ ക്രിസ്തുവിന്റെ മാതൃകപ്രകാരം നമ്മുടെ സ്വാഭാവിക ജീവനെ ത്യജിക്കുന്നതിലൂടെ ദിവ്യജീവനെ ജീവിച്ചുകൊണ്ട് ഒരു സ്വാഭാവിക മനുഷ്യനായിരിക്കുന്നതിൽനിന്നും ഒരു ദൈവ-മനുഷ്യനാകുന്നതിലേക്ക് നാം ശിഷ്യരാക്കപ്പെട്ടുകൊണ്ടിരിക്കുന്നു; ഇത് നാം ഒരു പുതിയതും സംഘാതവുമായ ദൈവ-മനുഷ്യനായിത്തീരത്തക്കവണ്ണം ദൈവവചനത്താൽ നമ്മുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുവാൻ യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ ക്രിസ്തുവിനെ പഠിക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്യുന്നതാണ്—എഫെ. 4:23; ആവ. 17:18-20:

| | |
|---|---|
| എഫെ. 4:23 | നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും, |
| ആവ. 17:18 | അവൻ തന്റെ രാജാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യരായ പുരോഹിതന്മാരുടെ പക്കൽനിന്നു ഈ ന്യായപ്രമാണം വാങ്ങി അതിന്റെ ഒരു പകർപ്പു ഒരു പുസ്തകത്തിൽ എഴുതി എടുക്കേണം. |
| ആവ. 17:19 | ഈ ന്യായപ്രമാണത്തിലെ സകലവചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചുനടന്നു തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു അതു അവന്റെ കൈവശം ഇരിക്കുകയും |
| ആവ. 17:20 | അവന്റെ ഹൃദയം സഹോദരന്മാർക്കുമീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പനവിട്ടു ഇടത്തോട്ടൊ വലത്തോട്ടൊ തിരിയാതെയും ഇരിക്കേണ്ടതിന്നും അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിന്നുമായി അവൻ തന്റെ |

ആയുഷ്ക്കാലം ഒക്കെയും അതു വായിക്കയും വേണം.

1. “നിങ്ങൾ എന്റെ വചനത്തിൽ വസിക്കുന്നുവെങ്കിൽ, നിങ്ങൾ സത്യമായും എന്റെ ശിഷ്യന്മാരാകുന്നു; നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും”—യോഹ. 8:31-32, 36; 15:7.

| | |
|---|---|
| യോഹ. 8:36 | അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു എങ്കിൽ, നിങ്ങൾ വാസ്തവമായി സ്വതന്ത്രരാകും എന്ന് ഉത്തരം പറഞ്ഞു. |
| യോഹ. 15:7 | നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും. |

2. തിരുവെഴുത്തുകളുടെ പ്രാർഥനാപൂർവമായ വായനയിലൂടെയും വചനശുശ്രൂഷയിലൂടെ ആത്മാവ് സഭകളോടു പറയുന്നത് കേൾക്കാനുള്ള ചെവി ഉണ്ടായിരിക്കുന്നതിലൂടെയും, നമ്മുടെ മനസ്സിന്റെ പുതുക്കലിനാൽ രൂപാന്തരപ്പെടുന്നതിലൂടെ കർത്താവിനാൽ നാം ശിഷ്യരാക്കപ്പെടുന്നു—എഫെ. 6:17-18; വെളി. 2:7; റോമ. 12:2; എഫെ. 4:23.

| | |
|---|---|
| എഫെ. 6:17 | രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു, |
| എഫെ. 6:18 | സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും, |
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| എഫെ. 4:23 | നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും, |

3. നമ്മുടെ മനസ്സിൽ പുതുക്കപ്പെടുന്നത് വിശുദ്ധ തിരുവെഴുത്തുകളുടെ ഉപദേശത്തിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രകാശനത്തിലൂടെയും ദൈവത്തിന്റെ പുതിയ ചിന്തകൾ സ്വീകരിക്കുന്നതിലൂടെ മനുഷ്യജീവിതത്തിലെ കാര്യങ്ങളെ സംബന്ധിച്ച എല്ലാ പഴയ ധാരണകളെയും നീക്കം ചെയ്യുന്നതാണ്—സങ്കീ. 119:105, 130.

| | |
|---|---|
| സങ്കീ. 119:105 | നൂൻ. നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ |

പാതെക്കു പ്രകാശവും ആകുന്നു.

സങ്കീ. 119:130 നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു.

4. സാത്താന്റെയും, പാപത്തിന്റെയും, മരണത്തിന്റെയും മേൽ ജീവനിൽ വാഴുവാൻ ക്രിസ്തു താൻതന്നെയായ ജീവനിൽ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കർത്താവിന്റെ ശിഷ്യന്മാരായിരിക്കുന്നതിനായി, നാം ദൈവത്തിന്റെ വിശുദ്ധ വചനത്താൽ പുനഃസംരചിക്കപ്പെടണം, അങ്ങനെ നാം ദൈവവചനത്താൽ നിർദേശിക്കപ്പെടുകയും, ഭരിക്കപ്പെടുകയും, നിയന്ത്രിക്കപ്പെടുകയും ചെയ്യേണ്ടതിനുതന്നെ—റോമ. 5:10, 17; ആവ. 17:18-20; 2 തിമൊ. 3:15-17.

റോമ. 5:10 ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

ആവ. 17:18 അവൻ തന്റെ രാജാസനത്തിൽ ഇരിക്കുമ്പോൾ ലേവ്യരായ പുരോഹിതന്മാരുടെ പക്കൽനിന്നു ഈ ന്യായപ്രമാണം വാങ്ങി അതിന്റെ ഒരു പകർപ്പു ഒരു പുസ്തകത്തിൽ എഴുതി എടുക്കേണം.

ആവ. 17:19 ഈ ന്യായപ്രമാണത്തിലെ സകലവചനങ്ങളും ചട്ടങ്ങളും അവൻ പ്രമാണിച്ചുനടന്നു തന്റെ ദൈവമായ യഹോവയെ ഭയപ്പെടുവാൻ പഠിക്കേണ്ടതിന്നു അതു അവന്റെ കൈവശം ഇരിക്കുകയും

ആവ. 17:20 അവന്റെ ഹൃദയം സഹോദരന്മാർക്കുമീതെ അഹങ്കരിച്ചുയരാതെയും അവൻ കല്പനവിട്ടു ഇടത്തോട്ടൊ വലത്തോട്ടൊ തിരിയാതെയും ഇരിക്കേണ്ടതിന്നും അവനും അവന്റെ പുത്രന്മാരും യിസ്രായേലിന്റെ ഇടയിൽ ദീർഘകാലം രാജ്യഭാരം ചെയ്യേണ്ടതിന്നുമായി അവൻ തന്റെ ആയുഷ്ക്കാലം ഒക്കെയും അതു വായിക്കയും വേണം.

2 തിമൊ. 3:15 ശൈശവം മുതൽ നീ പവിത്രമായ എഴുത്തുകൾ അറിഞ്ഞിരിക്കുന്നു, അവ നിന്നെ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിങ്കലേക്ക് ജ്ഞാനമുള്ളവനാക്കുവാൻ പ്രാപ്തമാകുന്നു.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും

| | |
|---|---|
| | പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്, |
| 2 തിമൊ. 3:17 | ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു. |

B. ക്രിസ്തുവിനെ പഠിക്കുന്നത് ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ ക്രിസ്തുവിനെക്കൊണ്ട് നമ്മെ പകരംവയ്ക്കുന്നതിനുവേണ്ടിയാണ്; സഭയിൽ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി അവന്റെ ഹിതം നാം തിരഞ്ഞെടുക്കുകയും നിർവഹിക്കുകയും ചെയ്യത്തക്കവണ്ണം നമുക്ക് സഹായം നൽകുന്നവനും, നമ്മെ ഊർജ്ജസ്വലമാക്കുന്നവനും, ശക്തിപ്പെടുത്തുന്നവനും, പ്രാപ്തരാക്കുന്ന സഹായമാകുന്നവനും എന്ന നിലയിൽ ക്രിസ്തുവിനെ ആസ്വദിക്കുവാൻ, ക്രിസ്തുവിനെ ഭക്ഷിക്കുന്നതിലൂടെ യേശുവിലുള്ള യാഥാർഥ്യം (വ്യക്തിയായ യേശുവിന്റെ ദൈവ-മനുഷ്യ ജീവിതം) ക്രിസ്തുവിന്റെ ശരീരത്തിന്റെ (സംഘാത ക്രിസ്തുവിന്റെ ദൈവ-മനുഷ്യ ജീവിതം) യാഥാർഥ്യമായിത്തീരുന്നു—യോഹ. 6:57; യെശ. 7:14-15; യോഹ. 17:4; എബ്രാ. 5:8; ഫിലി. 2:8; യോഹ. 6:63; യിരെ. 15:16; എബ്രാ. 4:16; റോമ. 5:5, 17; 12:2; 2 കൊരി. 5:14; എഫെ. 3:20-21.

| | |
|---|---|
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യെശ. 7:14 | അതുകൊണ്ടു കർത്താവു തന്നേ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും. |
| യെശ. 7:15 | തിന്മ തള്ളി നന്മ തിരഞ്ഞെടുപ്പാൻ പ്രായമാകുംവരെ അവൻ തൈരും തേനുംകൊണ്ടു ഉപജീവിക്കും. |
| യോഹ. 17:4 | നീ എനിക്കു ചെയ്യുവാൻ നൽകിയിരിക്കുന്ന വേല പൂർത്തിയാക്കിക്കൊണ്ട്, ഭൂമിയിൽ ഞാൻ നിന്നെ മഹത്വപ്പെടുത്തിയിരിക്കുന്നു. |
| എബ്രാ. 5:8 | പുത്രനായിരുന്നെങ്കിലും, അവൻ കഷ്ടമനുഭവിച്ച കാര്യങ്ങളിൽ നിന്ന് അനുസരണം പഠിച്ചു. |
| ഫിലി. 2:8 | വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |
| യിരെ. 15:16 | ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ |

ഹൃദയത്തിന്നു ആനന്ദവും ആയി; സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്റെ നാമം എനിക്കു വിളിക്കപ്പെട്ടിരിക്കുന്നുവല്ലോ.

| | |
|---|---|
| എബ്രാ. 4:16 | അതുകൊണ്ട് കരുണ ലഭിക്കുവാനും തക്കസമയത്തേക്കുള്ള സഹായത്തിനായി കൃപ കണ്ടെത്തുവാനും നമുക്ക് ധൈര്യത്തോടെ കൃപയുടെ സിംഹാസനത്തിലേക്കു മുമ്പോട്ടുവരാം. |
| റോമ. 5:5 | പ്രത്യാശ നമ്മെ ലജ്ജിപ്പിക്കുന്നതുമില്ല, എന്തുകൊണ്ടെന്നാൽ ദൈവസ്നേഹം, നമുക്ക് നൽകിയിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിൽ ഒഴിച്ചിരിക്കുന്നു. |
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |
| എഫെ. 3:20 | എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്, |
| എഫെ. 3:21 | സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ. |

C. തളർന്നിരിക്കുന്നവനെ വാക്കുകൊണ്ട് താങ്ങുവാൻ അറയേണ്ടതിന് നിർദേശിക്കപ്പെട്ടവന്റെ ചെവിയും നാവും ഉണ്ടായിരിക്കത്തക്കവണ്ണം, രാവിലെതോറും അവനാൽ ഉണർത്തപ്പെടുന്നതിലൂടെ ക്രിസ്തുവിനെ നാം പഠിക്കുന്നു; കർത്താവിന്റെ ശിഷ്യന്മാരും, അവന്റെ നിർദേശിക്കപ്പെട്ടവരുമെന്ന നിലയിൽ, നാം അവനിൽ ആശ്രയം വയ്ക്കുക്കുകയും, അവന്റെ നാമത്തിൽ ആശ്രയിക്കുകയും, നമ്മുടെ സ്വന്തം വെളിച്ചം ഉല്പാദിപ്പിക്കാതിരിക്കുകയും വേണം—യെശ. 50:4-5, 10-11.

| | |
|---|---|
| യെശ. 50:4 | തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു |

യെശ. 50:5 യഹോവയായ കർത്താവു എന്റെ ചെവി തുറന്നു; ഞാനോ മറുത്തുനിന്നില്ല; പിന്തിരിഞ്ഞതുമില്ല.

യെശ. 50:10 നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്കു പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ചു തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ.

യെശ. 50:11 ഹാ, തീ കത്തിച്ചു തീയമ്പുകൾ അരെക്കു കെട്ടുന്നവരേ, നിങ്ങൾ എല്ലാവരും നിങ്ങളുടെ തീയുടെ വെളിച്ചത്തിലും നിങ്ങൾ കൊളുത്തിയിരിക്കുന്ന തീയമ്പുകളുടെ ഇടയിലും നടപ്പിൻ; എന്റെ കയ്യാൽ ഇതു നിങ്ങൾക്കു ഭവിക്കും; നിങ്ങൾ വ്യസനത്തോടെ കിടക്കേണ്ടിവരും.

D. സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനുമെന്ന നിലയിലും, എളുപ്പമുള്ള നുകവും ലഘുവായ ഭാരവുമുള്ളവനെന്ന നിലയിലും, നമ്മുടെ ദേഹികൾക്ക് വിശ്രമമായി (തികഞ്ഞ സമാധാനവും പൂർണ സംതൃപ്തിയുമായി) തന്നെത്തന്നെ നമുക്ക് നൽകുന്നവനുമെന്ന നിലയിലും ക്രിസ്തുവിനെ നാം പഠിക്കുന്നു—മത്താ. 11:28-30.

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

E. എല്ലാത്തരം പരിസ്ഥിതിയിലും, സാഹചര്യത്തിലും, പരിതസ്ഥിതിയിലും അവനെ മഹിമപ്പെടുത്തുന്നതിനുവേണ്ടി അവനെ ജീവിക്കുന്നതിലൂടെ ക്രിസ്തുവിന്റെ മാനുഷിക നന്മകളിലുള്ള ദൈവത്തിന്റെ സദ്ഗുണങ്ങൾ ആവിഷ്കരിക്കുന്നതിന് നമ്മുടെ ഉൾവസിക്കുന്ന പര്യാപ്തതയുടെ രഹസ്യമെന്ന നിലയിൽ ക്രിസ്തുവിനെ നാം പഠിക്കുന്നു—ഫിലി. 4:5-13.

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

ഫിലി. 4:6 ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ;

ഫിലി. 4:7 സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിങ്ങളുടെ ചിന്തകളെയും ക്രിസ്തു യേശുവിൽ കാക്കും.

ഫിലി. 4:8 ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും

അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ.

ഫിലി. 4:9 നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും.

ഫിലി. 4:10 എന്നാൽ ഇപ്പോൾ ഒരു കാലയളവിനു ശേഷം എനിക്കു വേണ്ടിയുള്ള നിങ്ങളുടെ വിചാരം പുതുതായി പുഷ്പിക്കുവാൻ നിങ്ങൾ ഇടയാക്കിയതിനാൽ ഞാൻ കർത്താവിൽ അത്യന്തം സന്തോഷിച്ചു; അതിനായി നിങ്ങൾ ചിന്തിച്ചിരുന്നെങ്കിലും, അവസരം ലഭിച്ചിരുന്നില്ല.

ഫിലി. 4:11 ബുദ്ധിമുട്ട് നിമിത്തം ഞാൻ സംസാരിക്കുന്നതല്ല, ഞാൻ ആയിരിക്കുന്ന ഏതു സാഹചര്യത്തിലും സംതൃപ്തനായിരിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു.

ഫിലി. 4:12 താഴ്ച്ചയിൽ ആയിരിക്കുവാൻ എനിക്കറിയാം, സമൃദ്ധിയിൽ ആയിരിക്കുവാനും എനിക്കറിയാം; നിറഞ്ഞിരിക്കുവാനും വിശന്നിരിക്കുവാനും, സമൃദ്ധിയിലായിരിക്കുവാനും ബുദ്ധിമുട്ടിലായിരിക്കുവാനും, ഓരോന്നിലും എല്ലാറ്റിലും ഞാൻ രഹസ്യം പഠിച്ചിരിക്കുന്നു.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

F. തന്റെ സ്നേഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന ഹൃദയത്തിനും തന്റെ മേയ്ക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന ആത്മാവിനും ഒത്തവണ്ണം കരുണ ആഗ്രഹിക്കുന്നവനെന്ന നിലയിൽ ക്രിസ്തുവിനെ നാം പഠിക്കുന്നു—മത്താ. 9:12-13.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ “ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു”, എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

G. മൂന്നര വർഷം കർത്താവിനെ അനുഗമിച്ച ശിഷ്യന്മാർ അവൻ എന്തു ചെയ്തുവെന്നും, അവൻ എങ്ങനെ പെരുമാറിയെന്നും, അവൻ എങ്ങനെ സംസാരിച്ചു എന്നും കണ്ടു; അവരിലേക്ക് ഊതപ്പെട്ട ജീവന്റെയും യാഥാർഥ്യത്തിന്റെയും ആത്മാവ് (യോഹ. 20:22) അവർ കർത്താവിൽനിന്ന് നിരീക്ഷിച്ചിട്ടുള്ള എല്ലാ യാഥാർഥ്യത്തിലേക്കും അവരെ നയിക്കും (16:13).

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്,

പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

H. കർത്താവായ യേശു തന്നാൽത്തന്നെയല്ല, മറിച്ച് മറ്റൊരു സ്രോതസ്സിനാൽ, അതായത്, തന്റെ പിതാവിനാൽ, പുനരുത്ഥാനത്തിൽ മനുഷ്യജീവിതം നയിച്ച ഒരു വ്യക്തിയായിരുന്നു; നാം മറ്റൊരു ജീവനാൽ, നമ്മിൽ ഉൾവസിക്കുന്ന ക്രിസ്തുവിനാൽ, നമ്മുടെ മനുഷ്യത്വത്തിൽ ജീവിക്കുമ്പോൾ, ഇത്തരം ജീവിതം നമ്മെ കർത്താവിന്റെ യഥാർഥ ശിഷ്യന്മാരാക്കുന്നു.

I. കർത്താവിന്റെ ശിഷ്യന്മാർ, തങ്ങൾ ബന്ധപ്പെടുന്നവർക്ക് യാതൊരു വഞ്ചനയോ കാപട്യമോ ഇല്ലാതെ, ഹൃദ്യരും, കമനീയരും, ആകർഷണീയരുമായി, അവരെ "യേശുമയരായ മനുഷ്യർ" ആക്കുന്നതിന്, അവരുടെ അതിരറ്റ സന്തോഷമെന്ന നിലയിൽ അവർക്ക് ത്രിയേക ദൈവത്തിന്റെ യഥാർഥ സാന്നിധ്യം ഉണ്ട്—മത്താ. 1:23; സങ്കീ. 43:4; റോമ. 14:17; നെഹെ. 8:10; ഫിലി. 1:25; 4:5, 8-9; 1 തിമൊ. 4:15-16.

മത്താ. 1:23 “ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും” (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു).

സങ്കീ. 43:4 ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്കു, എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലും; ദൈവമേ, എന്റെ ദൈവമേ, കിന്നരംകൊണ്ടു ഞാൻ നിന്നെ സ്തുതിക്കും.

റോമ. 14:17 എന്തെന്നാൽ ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ.

നെഹെ. 8:10 അനന്തരം അവൻ അവരോടു: നിങ്ങൾ ചെന്നു മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ചു തങ്ങൾക്കായി വട്ടംകൂട്ടീട്ടില്ലാത്തവർക്കു പകർച്ച കൊടുത്തയപ്പിൻ; ഈ ദിവസം നമ്മുടെ കർത്താവിന്നു വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുതു; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നു പറഞ്ഞു.

ഫിലി. 1:25 ഇതിൽ ഉറപ്പുണ്ടായിട്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനുമായി ഞാൻ ജീവിച്ചിരിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ തുടരുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു,

ഫിലി. 4:5 നിങ്ങളുടെ സംയമനം എല്ലാ മനുഷ്യരും അറിയട്ടെ, കർത്താവ് സമീപമുണ്ട്.

| | |
|---|---|
| ഫിലി. 4:8 | ഒടുവിൽ സഹോദരന്മാരേ, സത്യമായതൊക്കെയും അന്തസ്സുറ്റതൊക്കെയും നീതിയായതൊക്കെയും നിർമലമായതൊക്കെയും രമണീയമായതൊക്കെയും പ്രശംസനീയമായതൊക്കെയും, എന്തെങ്കിലും നന്മയും പുകഴ്ച്ചയും ഉണ്ടെങ്കിൽ, അതൊക്കെയും എണ്ണിക്കൊള്ളുവിൻ. |
| ഫിലി. 4:9 | നിങ്ങൾ എന്നിൽ പഠിച്ചതും പ്രാപിച്ചതും കേട്ടതും കണ്ടതുമായ കാര്യങ്ങൾ ആചരിക്കുവിൻ; സമാധാനത്തിന്റെ ദൈവമോ നിങ്ങളോടുകൂടെ ഇരിക്കും. |
| 1 തിമൊ. 4:15 | ഇവയെ അഭ്യസിക്കുക; നിന്റെ പുരോഗതി എല്ലാവർക്കും വെളിവാകേണ്ടതിന് അവയിൽ ആയിരിക്കുക. |
| 1 തിമൊ. 4:16 | നിന്നെത്തന്നെയും നിന്റെ ഉപദേശത്തെയും കരുതിക്കൊള്ളുക; ഇവയിൽ തുടരുക; ഇതു ചെയ്യുന്നതിൽ നീ നിന്നെത്തന്നെയും നിന്നെ കേൾക്കുന്നവരെയും രക്ഷിക്കും. |

J. ഒരു ദൈവ-മനുഷ്യന്റെ മാതൃകയെന്ന നിലയിൽ—മനുഷ്യത്വത്തിൽ തന്നെത്തന്നെ ത്യജിച്ചുകൊണ്ട് ദൈവത്തെ ജീവിച്ച് (യോഹ. 5:19, 30), മനുഷ്യനെ സംബന്ധിച്ച അവരുടെ ധാരണയ്ക്ക് സമൂലമായ മാറ്റം വരുത്തിയ—ഭൂമിയിലുള്ള ക്രിസ്തുവിന്റെ മനുഷ്യജീവിതത്തിലൂടെ ക്രിസ്തുവിന്റെ അനുയായികൾ ശിഷ്യരാക്കപ്പെട്ടു (ഫിലി. 3:10; 1:21).

| | |
|---|---|
| യോഹ. 5:19 | അപ്പോൾ യേശു അവരോട് ഉത്തരം പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, പിതാവ് ചെയ്യുന്നത് എന്തെന്നു കണ്ടിട്ടല്ലാതെ പുത്രനു തന്നിൽനിന്ന് ഒന്നും ചെയ്യുവാൻ കഴിയില്ല, അവൻ ചെയ്യുന്നത് എന്തു തന്നെയായാലും, പുത്രനും അവ അങ്ങനെതന്നെ ചെയ്യുന്നു. |
| യോഹ. 5:30 | എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്. |
| ഫിലി. 3:10 | അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, |
| ഫിലി. 1:21 | എനിക്കു ജീവിക്കുന്നത് ക്രിസ്തുവു... |

K. “സഹോദരൻ വാച്ച്മാൻ നീ എങ്ങനെ പ്രവർത്തിച്ചുവെന്ന് നിരീക്ഷിച്ചുകൊണ്ട് പതിനെട്ട് വർഷം ഞാൻ പ്രത്യുദ്ധാരത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിൽ ഞാൻ നിരീക്ഷിച്ചതെല്ലാം എന്നെ ശിഷ്യനാക്കുന്ന കാര്യങ്ങളായിത്തീർന്നു” (*The Collected Works of Witness Lee, 1994–1997,* vol. 5, “The Vital Groups,” p. 76).

**II. ജീവൻ പ്രാപിക്കുകയും ദൈവപുത്രന്റെ വിശ്വാസത്താൽ ജീവിക്കുകയും ചെയ്യുന്ന ക്രിസ്തുവിലുള്ള വിശ്വാസികളാണ് നാം; വിശ്വാസം നമ്മെ അസാധുവാക്കുകയും, ദൈവത്തെ ജീവിക്കുവാനും, ദൈവത്തെ ആവിഷ്കരിക്കുവാനും, ദൈവത്തെ ജനത്തിലേക്ക് ശുശ്രൂഷിക്കുവാനും ഇടയാക്കുകയും ചെയ്യുന്നു—2 കൊരി. 6:14-16; റോമ. 1:17; എബ്രാ. 11:6; ഗലാ. 2:20:**

2 കൊരി. 6:14 അവിശ്വാസികളുമായി അസമമായി നുകം വയ്ക്കരുത്. നീതിക്കും അധർമത്തിനും തമ്മിൽ എന്ത് പങ്കാളിത്തം? വെളിച്ചത്തിന് ഇരുട്ടുമായി എന്ത് കൂട്ടായ്മ?

2 കൊരി. 6:15 ക്രിസ്തുവിന് ബെലീയാലുമായി എന്ത് പൊരുത്തം? വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് പങ്ക്?

2 കൊരി. 6:16 ദൈവാലയത്തിന് വിഗ്രഹങ്ങളുമായി എന്ത് യോജിപ്പ്? "ഞാൻ അവരുടെ ഇടയിൽ വസിക്കുകയും അവരുടെ ഇടയിൽ നടക്കുകയും ചെയ്യും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവും ആകും" എന്ന് ദൈവം അരുളിച്ചെയ്തതുപോലെ, നാം ജീവനുള്ള ദൈവത്തിന്റെ ആലയം ആകുന്നു.

റോമ. 1:17 അതിൽ വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്ക് ദൈവത്തിന്റെ നീതി വെളിപ്പെടുന്നു, "എന്നാൽ നീതിമാൻ ജീവൻ പ്രാപിക്കുകയും വിശ്വാസത്താൽ ജീവിക്കുകയും ചെയ്യും" എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

എബ്രാ. 11:6 എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

A. ക്രിസ്തുവിലുള്ള വിശ്വാസികൾ (യോഹ. 3:15-16) ആദാമിൽനിന്നും ക്രിസ്തുവിലേക്ക് മാറ്റപ്പെടുകയും (1 കൊരി. 15:22), ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയാകുവാൻ വീണ്ടുംജനിക്കുകയും (2 കൊരി. 5:17), ക്രിസ്തുവിന്റെ നിത്യജീവനിൽ അവനുമായി ഐക്യപ്പെടുകയും, ക്രിസ്തുവുമായി ഏകാത്മാവാകുവാൻ അവനോട് പറ്റിച്ചേരുകയും ചെയ്തിരിക്കുന്നു (1 കൊരി. 6:17):

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും

| | |
|---|---|
| | നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു. |
| 1 കൊരി. 15:22 | ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. |
| 2 കൊരി. 5:17 | അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു. |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

1. ക്രിസ്തുവിലുള്ള വിശ്വാസികളെന്ന നിലയിൽ, നാം രണ്ടു പ്രാവശ്യം ജനിപ്പിക്കപ്പെട്ടു; ഒന്നാമത്തെ തവണ സ്വാഭാവിക മനുഷ്യനാകുവാൻ നാം ജനിപ്പിക്കപ്പെട്ടു, എന്നാൽ ഒരു ദിവസം ദിവ്യവും നിത്യവുമായ ജീവനാൽ പുതുതായി ജനിക്കേണ്ടതിന് നാം വീണ്ടുംജനിപ്പിക്കപ്പെട്ടു—യോഹ. 3:6-7.

| | |
|---|---|
| യോഹ. 3:6 | ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു. |
| യോഹ. 3:7 | നിങ്ങൾ പുതുതായി ജനിക്കണം എന്നു ഞാൻ നിന്നോടു പറയുന്നതിൽ ആശ്ചര്യപ്പെടരുത്. |

2. നമ്മുടെ ആത്മിക ജനനം എന്ന രണ്ടാമത്തെ ജനന സർട്ടിഫിക്കറ്റ് റോമർ 8:16-ൽ കാണാം; നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നുവെന്ന് അവിടെ പറയുന്നു; നമ്മുടെ ദിവ്യവും മാർമികവുമായ ജനന സർട്ടിഫിക്കറ്റ് ഒരു ഇരട്ട ആത്മാവാണ്, അത് കർത്താവുമായി ഏകാത്മാവായിത്തീർന്ന, നമ്മുടെ ആത്മാവോടുകൂടെയുള്ള ദൈവാത്മാവാണ്.

| | |
|---|---|
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |

B. മനുഷ്യൻ ക്രിസ്തുവിനെ കേൾക്കുകയും, അവനെ അറിയുകയും, അവനെ വിലമതിക്കുകയും, അവനെ നിധിയായി കരുതുകയും ചെയ്യുമ്പോൾ, അവനിൽ വിശ്വസിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കിക്കൊണ്ട് മനുഷ്യനിൽ വിശ്വാസം ജനിപ്പിക്കുവാൻ അവൻ ഇടയാക്കുന്നു; അങ്ങനെ, മനുഷ്യനിൽ അവൻ വിശ്വാസമായിത്തീരുന്നു, ആ വിശ്വാസത്താൽ മനുഷ്യൻ അവനിൽ വിശ്വസിക്കുന്നു—എബ്രാ. 12:2.

| | |
|---|---|
| എബ്രാ. 12:2 | നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. |

C. വചനം കേൾക്കുന്നതിൽനിന്ന് വിശ്വാസം വരുന്നു; നാം ക്രിസ്തുവിനെ കേൾക്കുകയും, ദൈവത്തിന്റെ എഴുതപ്പെട്ട വചനത്തിൽ ദൈവത്തിന്റെ ജീവനുള്ള വചനമായ അവനെ ബന്ധപ്പെടുകയും ചെയ്യുമ്പോൾ, നമ്മുടെ വിശ്വാസമായിരിക്കുവാൻ നമ്മിലേക്ക് പകരപ്പെട്ട ആത്മാവെന്ന നിലയിൽ അവൻ പ്രായോഗിക്കപ്പെട്ട വചനമായിത്തീരുന്നു; അങ്ങനെ, ക്രിസ്തുവിൽ ദേഹരൂപമെടുക്കുകയും, നമ്മുടെ ആത്മാവോടുകൂടെ ഇഴുകിച്ചേർന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്ത ദൈവമാണ് വിശ്വാസം—റോമ. 10:17; യോഹ. 1:1; 5:39-40; 6:63.

| | |
|---|---|
| റോമ. 10:17 | അതുകൊണ്ട് വിശ്വാസം കേൾവിയിൽ നിന്നും, കേൾവി ക്രിസ്തുവിന്റെ വചനത്തിലൂടെയും വരുന്നു. |
| യോഹ. 1:1 | ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവം ആയിരുന്നു. |
| യോഹ. 5:39 | നിങ്ങൾ തിരുവെഴുത്തുകളെ തിരയുന്നു, എന്തുകൊണ്ടെന്നാൽ അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നു; അവയാകുന്നു എന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നത്. |
| യോഹ. 5:40 | എങ്കിലും നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾ ഇച്ഛിക്കുന്നില്ല. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |

D. വിശ്വാസത്തിന്റെ കേൾവി നമ്മുടെ സ്നേഹപൂർവമായ വിലമതിപ്പിനെ ഉണർത്തുന്നു; നാം കർത്താവിനെ എത്രയധികം സ്നേഹിക്കുന്നുവോ, അത്രയധികം വിശ്വാസം സർവവും-ഉൾക്കൊള്ളുന്ന ആത്മാവിന്റെ സമ്പത്തിലേക്ക്, പ്രയോജനത്തിലേക്ക്, നമ്മെ കൊണ്ടുവരാൻ വ്യാപരിക്കുന്നു—ഗലാ. 3:2, 5; 5:6.

| | |
|---|---|
| ഗലാ. 3:2 | ഇതു മാത്രം നിങ്ങളിൽനിന്ന് അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചത്? |
| ഗലാ. 3:5 | അതുകൊണ്ട് നിങ്ങൾക്ക് ആത്മാവിനെ ധാരാളമായി പ്രദാനം ചെയ്തുകൊണ്ട് നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നവൻ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ അത് ചെയ്യുന്നത്? |
| ഗലാ. 5:6 | ക്രിസ്തു യേശുവിൽ പരിച്ഛേദനയോ അഗ്രചർമമോ ഒന്നിനും ഉപകരിക്കുന്നില്ല, സ്നേഹത്തിലൂടെ വ്യാപരിക്കുന്ന വിശ്വാസമത്രേ ഉപകരിക്കുന്നത്. |

E. റോമർ 12:3 പറയുന്നു: “ഭാവിക്കേണ്ടതിനു മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന്

വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണം”:

1. സുബോധമില്ലാതെ ഭാവിക്കേണ്ടതിനു മീതെ തന്നെത്താൻ ഭാവിക്കുന്നത് ശരീരജീവിതത്തിന്റെ ശരിയായ ക്രമത്തെ അസാധുവാക്കുന്നു; അളവിലല്ല ഗുണനിലവാരത്തിൽ ദൈവം നമുക്ക് ഒരേ വിശ്വാസം നൽകി; അളവിന്റെ കാര്യം നാം എങ്ങനെ വളരുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു; അപ്പൊസ്തലനായ പൗലൊസ് വളർന്നതുപോലെ ഇന്ന് നാം വളരുന്നുവെങ്കിൽ, നാം സ്വീകരിക്കുന്ന വിശ്വാസത്തിന്റെ പങ്ക് വളരെയധികം വിശാലമാക്കപ്പെടും.
2. ദൈവം നമുക്ക് എത്രമാത്രം വിശ്വാസം പകുത്തുനൽകുന്നു എന്നത് നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു; നാം സുബോധമുള്ളവരല്ലെങ്കിൽ (നമ്മെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠരെന്ന് അന്യോന്യം കരുതാതെ, നാം ഭാവിക്കേണ്ടതിനുമീതെ നമ്മെക്കുറിച്ച് ഭാവിക്കുകയും, നാം ഒന്നുമല്ലാതിരിക്കെ നാം എന്തോ ആണെന്ന് ഭാവിക്കുകയും ചെയ്യുന്നുവെങ്കിൽ), വിശ്വാസത്തിന്റെ പകുത്തുനൽകൽ ദൈവം നമുക്ക് വർദ്ധിപ്പിക്കുകയില്ല, അവൻ ഒരുപക്ഷേ അതിനെ കുറയ്ക്കുകപോലും ചെയ്യും—ഫിലി. 2:2-3; ഗലാ. 6:3; 1 കൊരി. 8:1-3.

| | |
|---|---|
| ഫിലി. 2:2 | നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്, |
| ഫിലി. 2:3 | സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്, |
| ഗലാ. 6:3 | താൻ ഒന്നുമല്ലാതിരിക്കേ എന്തോ ആകുന്നു എന്ന് ഒരുവൻ ചിന്തിക്കുന്നുവെങ്കിൽ, അവൻ അവനെത്തന്നെ വഞ്ചിക്കുന്നു. |
| 1 കൊരി. 8:1 | വിഗ്രഹാർപ്പിതങ്ങളെ സംബന്ധിച്ച്, നമുക്ക് എല്ലാവർക്കും അറിവുണ്ടെന്ന് നാം അറിയുന്നു. അറിവ് ചീർപ്പിക്കുന്നു എന്നാൽ സ്നേഹം കെട്ടുപണി ചെയ്യുന്നു. |
| 1 കൊരി. 8:2 | തനിക്ക് എന്തെങ്കിലും അറിയാം എന്ന് ആരെങ്കിലും ചിന്തിക്കുന്നെങ്കിൽ, അവൻ അറിയേണ്ടതുപോലെ ഇതുവരെ അറിഞ്ഞിട്ടില്ല; |
| 1 കൊരി. 8:3 | എന്നാൽ ആരെങ്കിലും ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ, ഇവനെ ദൈവം അറിയുന്നു. |

F. വിശ്വാസികളായ നാം ക്രിസ്തുവുമായി താഴെപ്പറയുന്ന ബന്ധങ്ങളിൽ വിശ്വാസത്താൽ ജീവിക്കുന്നു:

1. ക്രിസ്തു മുന്തിരിവള്ളിയും, നാം അവന്റെ ശാഖകളുമാണ്—യോഹ. 15:1-8.

| | |
|---|---|
| യോഹ. 15:1 | ഞാൻ യഥാർഥ മുന്തിരിവള്ളി ആകുന്നു, എന്റെ പിതാവ് |

കൃഷിക്കാരനും ആകുന്നു.

| | |
|---|---|
| യോഹ. 15:2 | എന്നിൽ ഫലം കായ്ക്കാത്ത എല്ലാ ശാഖകളെയും അവൻ എടുത്തുകളയുന്നു; ഫലം കായ്ക്കുന്ന എല്ലാ ശാഖകളെയും അത് അധികം ഫലം കായ്ക്കേണ്ടതിന്, അവൻ ചെത്തിവെടിപ്പാക്കുന്നു. |
| യോഹ. 15:3 | ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്ന വചനം നിമിത്തം നിങ്ങൾ ഇപ്പോൾത്തന്നെ വെടിപ്പുള്ളവരാകുന്നു. |
| യോഹ. 15:4 | എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല. |
| യോഹ. 15:5 | ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല. |
| യോഹ. 15:6 | ഒരുവൻ എന്നിൽ വസിക്കുന്നില്ലെങ്കിൽ, അവനെ ശാഖ എന്നപോലെ പുറത്തേക്ക് എറിഞ്ഞിട്ട് ഉണങ്ങിപ്പോകുന്നു; അവർ അവയെ ശേഖരിച്ച് തീയിലേക്ക് എറിയുകയും, അവ എരിഞ്ഞുപോകുകയും ചെയ്യുന്നു. |
| യോഹ. 15:7 | നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും. |
| യോഹ. 15:8 | നിങ്ങൾ അധികം ഫലം കായ്ക്കുന്നതിൽ എന്റെ പിതാവ് മഹത്വപ്പെടുന്നു, അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും. |

2. ക്രിസ്തു തലയും, നാം അവന്റെ അവയവങ്ങളുമാണ്—1 കൊരി. 12:27.

| | |
|---|---|
| 1 കൊരി. 12:27 | നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു. |

3. ക്രിസ്തു ജീവശ്വാസവും ജീവജലവും ജീവന്റെ അപ്പവും ആകുന്നു, നാം അവനെ ശ്വസിക്കുന്നവരും ഭക്ഷിക്കുന്നവരും കുടിക്കുന്നവരുമാകുന്നു—യോഹ. 20:22; 4:10, 14; 7:37-39; 6:35, 51-63, 68.

| | |
|---|---|
| യോഹ. 20:22 | ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. |
| യോഹ. 4:10 | യേശു അവളോട്, നീ ദൈവത്തിന്റെ ഉപഹാരത്തെയും, എനിക്കു കുടിക്കുവാൻ നൽകുക എന്നു നിന്നോട് പറയുന്നവൻ ആരാകുന്നു എന്നും അറിഞ്ഞിരുന്നെങ്കിൽ, |

നീ അവനോട് ചോദിക്കുകയും, അവൻ നിനക്ക് ജീവജലം നൽകുകയും ചെയ്യുമായിരുന്നു എന്ന് ഉത്തരം പറഞ്ഞു.

യോഹ. 4:14 എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളത്തിൽനിന്ന് കുടിക്കുന്ന ഏവനും ഒരുവിധത്തിലും ഒരുനാളും ദാഹിക്കയില്ല; എന്നാൽ ഞാൻ അവനു നൽകുവാൻ പോകുന്ന വെള്ളം അവനിൽ നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

യോഹ. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

യോഹ. 6:35 യേശു അവരോട് പറഞ്ഞു, ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന് ഒരുവിധത്തിലും വിശക്കുകയില്ല, എന്നിലേക്കു വിശ്വസിക്കുന്നവന് ഒരുവിധത്തിലും ഒരുനാളും ദാഹിക്കുകയുമില്ല.

യോഹ. 6:51 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും; ഞാൻ നൽകുന്ന അപ്പമോ, ലോകത്തിന്റെ ജീവനുവേണ്ടി നൽകിയിരിക്കുന്ന എന്റെ മാംസമാകുന്നു.

യോഹ. 6:52 അപ്പോൾ യെഹൂദന്മാർ, നമുക്കു ഭക്ഷിക്കുവാൻ ഈ മനുഷ്യന് അവന്റെ മാംസം നൽകുവാൻ എങ്ങനെ കഴിയും? എന്നു പറഞ്ഞുകൊണ്ട് അന്യോന്യം വാദിച്ചു.

യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

യോഹ. 6:54 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്, അവസാന നാളിൽ ഞാൻ അവനെ ഉയിർപ്പിക്കും.

യോഹ. 6:55 എന്തെന്നാൽ എന്റെ മാംസം സത്യ ഭക്ഷണവും, എന്റെ

രക്തം സത്യ പാനീയവും ആകുന്നു.

യോഹ. 6:56 എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.

യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

യോഹ. 6:58 സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു, പിതാക്കന്മാർ ഭക്ഷിക്കുകയും മരിക്കുകയും ചെയ്തതുപോലെയല്ല; ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും.

യോഹ. 6:59 അവൻ കഫർന്നഹൂമിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു സിനഗോഗിൽ വച്ച് ഈ കാര്യങ്ങൾ പറഞ്ഞു.

യോഹ. 6:60 അതുകൊണ്ട്, അവന്റെ ശിഷ്യന്മാരിൽ അനേകർ ഇതു കേട്ടപ്പോൾ, ഇത് കഠിനവാക്കാകുന്നു; ഇത് ആർക്കു കേൾക്കുവാൻ കഴിയും? എന്നു ചോദിച്ചു.

യോഹ. 6:61 എന്നാൽ യേശു, ഇതിനെക്കുറിച്ച് തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു എന്നു തന്നിൽത്തന്നെ അറിഞ്ഞിട്ട്, അവരോടു ചോദിച്ചു, ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ?

യോഹ. 6:62 അപ്പോൾ മനുഷ്യപുത്രൻ മുമ്പേ ആയിരുന്ന ഇടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ?

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

യോഹ. 6:68 ശിമോൻ പത്രൊസ് അവന് ഉത്തരം നൽകി, കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിന്റെ പക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ട്,

4. ക്രിസ്തു മണവാളനും, നാം അവന്റെ മണവാട്ടിയുമാണ്—3:29; എഫെ. 5:25-27; വെളി. 19:7-9; 2 കൊരി. 11:2-3.

യോഹ. 3:29 മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു.

എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു

| | |
|---|---|
| | കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ, |
| എഫെ. 5:26 | അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും, |
| എഫെ. 5:27 | കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു. |
| വെളി. 19:7 | നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. |
| വെളി. 19:8 | അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു. |
| വെളി. 19:9 | അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു. |
| 2 കൊരി. 11:2 | എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു. |
| 2 കൊരി. 11:3 | എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വയെ വഞ്ചിച്ചതുപോലെ, നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. |

5. ക്രിസ്തു അനാഥന്മാരുടെ പിതാവും, നാം അനുദിനമുള്ള അവന്റെ വിമോചനവും രക്ഷയും വിവക്ഷിക്കുന്ന, അവന്റെ കരുതലും വിടുതലും ആസ്വദിച്ചുകൊണ്ട് അവന്റെ മക്കളായിത്തീർന്ന അനാഥരുമാണ്—യോഹ. 14:18; സങ്കീ. 68:5-6; യെശ. 9:6; 22:19-22; യോഹ. 1:12-13; 14:10; സങ്കീ. 107:1-43; 110:4; വെളി. 2:1, 7; എബ്രാ. 7:25; റോമ. 5:10.

| | |
|---|---|
| യോഹ. 14:18 | ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു. |
| സങ്കീ. 68:5 | ദൈവം തന്റെ വിശുദ്ധനിവാസത്തിൽ അനാഥന്മാർക്കു പിതാവും വിധവമാർക്കു ന്യായപാലകനും ആകുന്നു. |
| സങ്കീ. 68:6 | ദൈവം ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു; അവൻ ബദ്ധന്മാരെ വിടുവിച്ചു |

സൗഭാഗ്യത്തിലാക്കുന്നു; എന്നാൽ മത്സരികൾ വരണ്ട ദേശത്തു പാർക്കും.

യെശ. 9:6 നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാംദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.

യെശ. 22:19 ഞാൻ നിന്നെ നിന്റെ ഉദ്യോഗത്തിൽനിന്നു നീക്കിക്കളയും; നിന്റെ സ്ഥാനത്തുനിന്നു അവൻ നിന്നെ പറിച്ചുകളയും.

യെശ. 22:20 അന്നാളിൽ ഞാൻ ഹിൽക്കീയാവിന്റെ മകനായി എന്റെ ദാസനായ എല്യാക്കീമിനെ വിളിക്കും.

യെശ. 22:21 അവനെ ഞാൻ നിന്റെ അങ്കി ധരിപ്പിക്കും; നിന്റെ കച്ചകൊണ്ടു അവനെ അര കെട്ടും; നിന്റെ അധികാരം ഞാൻ അവന്റെ കയ്യിൽ ഏല്പിക്കും; അവൻ യെരൂശലേംനിവാസികൾക്കും യെഹൂദാഗൃഹത്തിന്നും ഒരു അപ്പനായിരിക്കും.

യെശ. 22:22 ഞാൻ ദാവീദുഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽ വയ്ക്കും; അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല; അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

സങ്കീ. 107:1 അഞ്ചാം പുസ്തകം. യഹോവെക്കു സ്തോത്രം ചെയ്വിൻ; അവൻ നല്ലവനല്ലോ അവന്റെ ദയ എന്നേക്കുമുള്ളതു!

സങ്കീ. 107:2 യഹോവ വൈരിയുടെ കയ്യിൽനിന്നു വീണ്ടെടുക്കയും കിഴക്കും പടിഞ്ഞാറും വടക്കും കടലിലും ഉള്ള

സങ്കീ. 107:3 ദേശങ്ങളിൽനിന്നു കൂട്ടിച്ചേർക്കയും ചെയ്തവരായ അവന്റെ വിമുക്തന്മാർ അങ്ങനെ പറയട്ടെ.

സങ്കീ. 107:4 അവർ മരുഭൂമിയിൽ ജനസഞ്ചാരമില്ലാത്ത വഴിയിൽ ഉഴന്നുനടന്നു; പാർപ്പാൻ ഒരു പട്ടണവും അവർ

കണ്ടെത്തിയില്ല.

| | |
|---|---|
| സങ്കീ. 107:5 | അവർ വിശന്നും ദാഹിച്ചും ഇരുന്നു; അവരുടെ പ്രാണൻ അവരുടെ ഉള്ളിൽ തളർന്നു. |
| സങ്കീ. 107:6 | അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു വിടുവിച്ചു. |
| സങ്കീ. 107:7 | അവർ പാർപ്പാൻ തക്ക പട്ടണത്തിൽ ചെല്ലേണ്ടതിന്നു അവൻ അവരെ ചൊവ്വെയുള്ള വഴിയിൽ നടത്തി. |
| സങ്കീ. 107:8 | അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ. |
| സങ്കീ. 107:9 | അവൻ ആർത്തിയുള്ളവന്നു തൃപ്തിവരുത്തുകയും വിശപ്പുള്ളവനെ നന്മകൊണ്ടു നിറെക്കുകയും ചെയ്യുന്നു. |
| സങ്കീ. 107:10 | ദൈവത്തിന്റെ വചനങ്ങളോടു മത്സരിക്കയും അത്യുന്നതന്റെ ആലോചനയെ നിരസിക്കയും ചെയ്തിട്ടു ഇരുളിലും അന്ധതമസ്സിലും ഇരുന്നു |
| സങ്കീ. 107:11 | അരിഷ്ടതയാലും ഇരുമ്പുചങ്ങലയാലും ബന്ധിക്കപ്പെട്ടവർ - |
| സങ്കീ. 107:12 | അവരുടെ ഹൃദയത്തെ അവൻ കഷ്ടതകൊണ്ടു താഴ്ത്തി; അവർ ഇടറിവീണു; സഹായിപ്പാൻ ആരുമുണ്ടായിരുന്നില്ല. |
| സങ്കീ. 107:13 | അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരുടെ ഞെരുക്കങ്ങളിൽനിന്നു അവരെ രക്ഷിച്ചു. |
| സങ്കീ. 107:14 | അവൻ അവരെ ഇരുട്ടിൽനിന്നും അന്ധതമസ്സിൽനിന്നും പുറപ്പെടുവിച്ചു; അവരുടെ ബന്ധനങ്ങളെ അറുത്തുകളഞ്ഞു. |
| സങ്കീ. 107:15 | അവർ യഹോവയെ, അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ. |
| സങ്കീ. 107:16 | അവൻ താമ്രകതകുകളെ തകർത്തു, ഇരിമ്പോടാമ്പലുകളെ മുറിച്ചുകളഞ്ഞിരിക്കുന്നു. |
| സങ്കീ. 107:17 | ഭോഷന്മാർ തങ്ങളുടെ ലംഘനങ്ങൾ ഹേതുവായും തങ്ങളുടെ അകൃത്യങ്ങൾനിമിത്തവും കഷ്ടപ്പെട്ടു. |
| സങ്കീ. 107:18 | അവർക്കു സകലവിധ ഭക്ഷണത്തോടും വെറുപ്പുതോന്നി; അവർ മരണവാതിലുകളോടു സമീപിച്ചിരുന്നു. |
| സങ്കീ. 107:19 | അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു രക്ഷിച്ചു. |

സങ്കീ. 107:20 അവൻ തന്റെ വചനത്തെ അയച്ചു അവരെ സൗഖ്യമാക്കി; അവരുടെ കുഴികളിൽനിന്നു അവരെ വിടുവിച്ചു.

സങ്കീ. 107:21 അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.

സങ്കീ. 107:22 അവർ സ്തോത്രയാഗങ്ങളെ കഴിക്കയും സംഗീതത്തോടുകൂടെ അവന്റെ പ്രവൃത്തികളെ വർണ്ണിക്കയും ചെയ്യട്ടെ.

സങ്കീ. 107:23 കപ്പൽ കയറി സമുദ്രത്തിൽ ഓടിയവർ, പെരുവെള്ളങ്ങളിൽ വ്യാപാരം ചെയ്തവർ,

സങ്കീ. 107:24 അവർ യഹോവയുടെ പ്രവൃത്തികളെയും ആഴിയിൽ അവന്റെ അത്ഭുതങ്ങളെയും കണ്ടു.

സങ്കീ. 107:25 അവൻ കല്പിച്ചു കൊടുങ്കാറ്റു അടിപ്പിച്ചു, അതു അതിലെ തിരകളെ പൊങ്ങുമാറാക്കി.

സങ്കീ. 107:26 അവർ ആകാശത്തിലേക്കു ഉയർന്നു, വീണ്ടും ആഴത്തിലേക്കു താണു, അവരുടെ പ്രാണൻ കഷ്ടത്താൽ ഉരുകിപ്പോയി.

സങ്കീ. 107:27 അവർ മത്തനെപ്പോലെ തുള്ളി ചാഞ്ചാടിനടന്നു; അവരുടെ ബുദ്ധി പൊയ്പോയിരുന്നു.

സങ്കീ. 107:28 അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽനിന്നു വിടുവിച്ചു.

സങ്കീ. 107:29 അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി.

സങ്കീ. 107:30 ശാന്തത വന്നതുകൊണ്ടു അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്തു അവൻ അവരെ എത്തിച്ചു.

സങ്കീ. 107:31 അവർ യഹോവയെ അവന്റെ നന്മയെ ചൊല്ലിയും മനുഷ്യപുത്രന്മാരിൽ ചെയ്ത അത്ഭുതങ്ങളെ ചൊല്ലിയും സ്തുതിക്കട്ടെ.

സങ്കീ. 107:32 അവർ ജനത്തിന്റെ സഭയിൽ അവനെ പുകഴ്ത്തുകയും മൂപ്പന്മാരുടെ സംഘത്തിൽ അവനെ സ്തുതിക്കയും ചെയ്യട്ടെ.

സങ്കീ. 107:33 നിവാസികളുടെ ദുഷ്ടതനിമിത്തം അവൻ നദികളെ മരുഭൂമിയും

സങ്കീ. 107:34 നീരുറവുകളെ വരണ്ട നിലവും ഫലപ്രദമായ ഭൂമിയെ ഉവർന്നിലവും ആക്കി.

സങ്കീ. 107:35 അവൻ മരുഭൂമിയെ ജലതടാകവും വരണ്ട നിലത്തെ നീരുറവുകളും ആക്കി.

| | |
|---|---|
| സങ്കീ. 107:36 | വിശന്നവരെ അവൻ അവിടെ പാർപ്പിച്ചു; അവർ പാർപ്പാൻ പട്ടണം ഉണ്ടാക്കുകയും നിലം വിതെക്കയും |
| സങ്കീ. 107:37 | മുന്തിരിത്തോട്ടം നട്ടുണ്ടാക്കുകയും സമൃദ്ധിയായി ഫലങ്ങളെ അനുഭവിക്കയും ചെയ്തു. |
| സങ്കീ. 107:38 | അവൻ അനുഗ്രഹിച്ചിട്ടു അവർ അത്യന്തം പെരുകി; അവരുടെ കന്നുകാലികൾ കുറഞ്ഞുപോകുവാൻ അവൻ ഇടവരുത്തിയില്ല. |
| സങ്കീ. 107:39 | പീഡനവും കഷ്ടതയും സങ്കടവും ഹേതുവായി അവർ പിന്നെയും കുറഞ്ഞു താണുപോയി. |
| സങ്കീ. 107:40 | അവൻ പ്രഭുക്കന്മാരുടെമേൽ നിന്ദപകരുകയും വഴിയില്ലാത്ത ശൂന്യപ്രദേശത്തു അവരെ ഉഴലുമാറാക്കുകയും ചെയ്യുന്നു. |
| സങ്കീ. 107:41 | അവൻ ദരിദ്രനെ പീഡയിൽനിന്നു ഉയർത്തി അവന്റെ കുലങ്ങളെ ആട്ടിൻകൂട്ടംപോലെ ആക്കി. |
| സങ്കീ. 107:42 | നേരുള്ളവർ ഇതു കണ്ടു സന്തോഷിക്കും; നീതികെട്ടവർ ഒക്കെയും വായ്പൊത്തും. |
| സങ്കീ. 107:43 | ജ്ഞാനമുള്ളവർ ഇവയെ ശ്രദ്ധിക്കും; അവർ യഹോവയുടെ കൃപകളെ ചിന്തിക്കും. |
| സങ്കീ. 110:4 | നീ മൽക്കീസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കയുമില്ല. |
| വെളി. 2:1 | എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു: |
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| എബ്രാ. 7:25 | അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു. |
| റോമ. 5:10 | ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും, |

6. ക്രിസ്തു നമ്മുടെ വൈദ്യനും, നാം അവനെ നമ്മുടെ ക്ഷമയും, ആസ്വാദനവും, സന്തോഷവും, സംതൃപ്തിയും,

സ്വാതന്ത്ര്യവുമാകുന്നതിന് നമ്മുടെ സൗഖ്യദായകനായി അവനെ ആസ്വദിക്കുന്ന അവന്റെ രോഗികളുമാണ്—പുറ. 15:23-26; മർക്കൊ. 2:1—3:6.

| | |
|---|---|
| പുറ. 15:23 | മാറയിൽ എത്തിയാറെ, മാറയിലെ വെള്ളം കുടിപ്പാൻ അവർക്കു കഴിഞ്ഞില്ല; അതു കൈപ്പുള്ളതായിരുന്നു. അതുകൊണ്ടു അതിന്നു മാറാ എന്നു പേരിട്ടു. |
| പുറ. 15:24 | അപ്പോൾ ജനം: ഞങ്ങൾ എന്തു കുടിക്കും എന്നു പറഞ്ഞു മോശെയുടെ നേരെ പിറുപിറുത്തു. |
| പുറ. 15:25 | അവൻ യഹോവയോടു അപേക്ഷിച്ചു; യഹോവ അവന്നു ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അവൻ അതു വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമായി തീർന്നു. അവിടെവെച്ചു അവൻ അവർക്കു ഒരു ചട്ടവും പ്രമാണവും നിയമിച്ചു; അവിടെവെച്ചു അവൻ അവരെ പരീക്ഷിച്ചു: |
| പുറ. 15:26 | നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു അവന്നു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ചു അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല; ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്നു അരുളിച്ചെയ്തു. |
| മർക്കൊ. 2:1 | ചില നാളുകൾക്കു ശേഷം അവൻ വീണ്ടും കഫർന്നഹൂമിലേക്കു വന്നു, അവൻ വീട്ടിലുണ്ടെന്ന് കേൾക്കുവാൻ ഇടയായി. |
| മർക്കൊ. 2:2 | അനേകർ കൂടിവന്നു, അവിടെ വാതിൽക്കൽ പോലും ഇടം ഇല്ലാതായി. അവൻ അവരോടു വചനം സംസാരിച്ചു. |
| മർക്കൊ. 2:3 | അവർ നാലു പുരുഷന്മാർ ചുമന്ന് ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. |
| മർക്കൊ. 2:4 | പുരുഷാരം നിമിത്തം അവന്റെ അടുക്കൽ കൊണ്ടുവരുവാൻ കഴിയാഞ്ഞതിനാൽ, അവർ അവനിരുന്നയിടത്തെ മേൽക്കൂര പൊളിച്ചു തുരന്നശേഷം പക്ഷവാതക്കാരൻ കിടന്നിരുന്ന കിടക്ക താഴോട്ടിറക്കി. |
| മർക്കൊ. 2:5 | അവരുടെ വിശ്വാസം കണ്ടിട്ട് യേശു പക്ഷവാതക്കാരനോട്, മകനെ, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞു. |
| മർക്കൊ. 2:6 | എന്നാൽ അവിടെ ഇരുന്ന ചില ശാസ്ത്രിമാർ തങ്ങളുടെ ഹൃദയങ്ങളിൽ, |
| മർക്കൊ. 2:7 | ഇവൻ എന്തുകൊണ്ട് ഇങ്ങനെ സംസാരിക്കുന്നു? അവൻ |

ദൈവ ദൂഷണം പറയുന്നു! ദൈവം ഒരുവനല്ലാതെ പാപങ്ങൾ ക്ഷമിക്കുവാൻ ആർക്കു കഴിയും? എന്ന് വാദിച്ചുകൊണ്ടിരുന്നു.

മർക്കൊ. 2:8 ഉടനെ യേശു തന്റെ ആത്മാവിൽ, അവർ തങ്ങളിൽത്തന്നെ ഇപ്രകാരം വാദിക്കുന്നു എന്ന് പൂർണമായി അറിഞ്ഞുകൊണ്ട് അവരോടു ചോദിച്ചു, ഈ കാര്യങ്ങളെക്കുറിച്ചു നിങ്ങളുടെ ഹൃദയങ്ങളിൽ നിങ്ങൾ വാദിക്കുന്നത് എന്തിന്?

മർക്കൊ. 2:9 ഏതാകുന്നു കൂടുതൽ എളുപ്പം: പക്ഷവാതക്കാരനോട്, നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതോ എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നടക്കുക എന്നു പറയുന്നതോ?

മർക്കൊ. 2:10 എന്നാൽ മനുഷ്യപുത്രനു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ അധികാരം ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്—അവൻ പക്ഷവാതക്കാരനോടു പറഞ്ഞു,

മർക്കൊ. 2:11 നിന്നോടു ഞാൻ പറയുന്നു, എഴുന്നേറ്റ് നിന്റെ കിടക്ക എടുത്തു നിന്റെ ഭവനത്തിലേക്ക് പോകുക.

മർക്കൊ. 2:12 അവൻ എഴുന്നേറ്റ്, ഉടനെ കിടക്ക എടുത്ത് എല്ലാവർക്കും മുമ്പാകെ പുറത്തു പോയി, എല്ലാവരും അമ്പരന്ന്, ഇങ്ങനെ ഒരിക്കലും കണ്ടിട്ടില്ല! എന്നു പറഞ്ഞുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തി.

മർക്കൊ. 2:13 അവൻ വീണ്ടും കടലിനരികെ പോയി. സകല പുരുഷാരവും അവന്റെ അടുക്കൽ വന്നു, അവൻ അവരെ ഉപദേശിച്ചു.

മർക്കൊ. 2:14 അവൻ കടന്നുപോകുമ്പോൾ, അൽഫായിയുടെ മകനായ ലേവി ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ട്, അവനോട്, എന്നെ അനുഗമിക്കുക എന്നു പറഞ്ഞു, അവൻ എഴുന്നേറ്റ് അവനെ അനുഗമിച്ചു.

മർക്കൊ. 2:15 പിന്നെ അവൻ അവന്റെ ഭവനത്തിൽ മേശയിങ്കൽ ഇരിക്കുമ്പോൾ, അനേകം ചുങ്കക്കാരും പാപികളും യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു ഭക്ഷണത്തിന് ഇരിക്കുകയായിരുന്നു, അവിടെ അനേകർ ഉണ്ടായിരുന്നു, അവർ അവനെ അനുഗമിക്കുകയായിരുന്നു.

മർക്കൊ. 2:16 പരീശന്മാരിലെ ശാസ്ത്രിമാർ, അവൻ പാപികളോടും ചുങ്കക്കാരോടും കൂടെ ഭക്ഷിക്കുന്നു എന്നു കണ്ടിട്ട്, അവന്റെ ശിഷ്യന്മാരോട്, അവൻ ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിക്കുന്നത് എന്തുകൊണ്ട്? എന്നു ചോദിച്ചു.

മർക്കൊ. 2:17 യേശു ഇതു കേട്ടപ്പോൾ അവരോട്, ശക്തന്മാരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്; ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രേ വിളിക്കുവാൻ വന്നത്, എന്നു പറഞ്ഞു.

മർക്കൊ. 2:18 യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരും ഉപവസിക്കുകയായിരുന്നു. അവർ വന്ന് അവനോട്, യോഹന്നാന്റെ ശിഷ്യന്മാരും പരീശന്മാരുടെ ശിഷ്യന്മാരും ഉപവസിക്കുന്നു, എന്നാൽ നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്തുകൊണ്ട്? എന്നു ചോദിച്ചു.

മർക്കൊ. 2:19 യേശു അവരോടു പറഞ്ഞു, മണവാളൻ അവരോടുകൂടെ ഉള്ളപ്പോൾ മണിയറയുടെ പുത്രന്മാർക്ക് ഉപവസിക്കുവാൻ കഴിയുമോ? മണവാളൻ അവരോടുകൂടെ ഉള്ളിടത്തോളം കാലം അവർക്ക് ഉപവസിക്കുവാൻ കഴിയില്ല.

മർക്കൊ. 2:20 എന്നാൽ മണവാളൻ അവരിൽനിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ ആ നാളിൽ അവർ ഉപവസിക്കും.

മർക്കൊ. 2:21 ആരും ചുരുങ്ങാത്ത തുണിക്കഷ്ണം പഴയ വസ്ത്രത്തിൽ തുന്നിച്ചേർക്കാറില്ല; അല്ലെങ്കിൽ തുന്നിച്ചേർത്ത പുതിയതു പഴയതിൽ നിന്ന് വലിയുകയും, കൂടുതൽ മോശമായ ചീന്തൽ ഉണ്ടാകുകയും ചെയ്യുന്നു.

മർക്കൊ. 2:22 ആരും പുതിയ വീഞ്ഞ് പഴയ തുരുത്തികളിൽ വയ്ക്കാറില്ല; അല്ലെങ്കിൽ വീഞ്ഞ് തുരുത്തികളെ പൊളിക്കുകയും, വീഞ്ഞ് നശിക്കുകയും ചെയ്യുന്നു, അങ്ങനെതന്നെ തുരുത്തികളും; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്.

മർക്കൊ. 2:23 പിന്നെ അവൻ ശബ്ബത്തിൽ ധാന്യവയലുകളിലൂടെ കടന്നുപോയി, അവന്റെ ശിഷ്യന്മാർ ധാന്യക്കതിരുകൾ പറിച്ചുകൊണ്ട് കൂടെ പോകുവാൻ തുടങ്ങി.

മർക്കൊ. 2:24 പരീശന്മാർ അവനോട്, നോക്കൂ! അവർ ശബ്ബത്തിൽ ന്യായമല്ലാത്തതു ചെയ്യുന്നത് എന്തുകൊണ്ട്? എന്നു ചോദിച്ചു.

മർക്കൊ. 2:25 അവൻ അവരോടു ചോദിച്ചു, ദാവീദ് തനിക്കും കൂടെയുള്ളവർക്കും മുട്ടുണ്ടായി വിശന്നപ്പോൾ എന്തു ചെയ്തു,

മർക്കൊ. 2:26 അബ്യാഥാർ മഹാപുരോഹിതന്റെ കാലത്ത് എപ്രകാരം അവൻ ദൈവാലയത്തിലേക്കു പ്രവേശിക്കുകയും പുരോഹിന്മാർക്കല്ലാതെ ആർക്കും ഭക്ഷിക്കുവാൻ ന്യായമല്ലാത്ത സാന്നിധ്യത്തിന്റെ അപ്പം അവൻ ഭക്ഷിക്കുകയും അവനോടുകൂടെ ഉള്ളവർക്കു

കൊടുക്കുകയും ചെയ്തു എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?

| | |
|---|---|
| മർക്കൊ. 2:27 | പിന്നെ അവൻ അവരോട്, മനുഷ്യൻ ശബ്ബത്തിനായിട്ടല്ല, ശബ്ബത്ത് മനുഷ്യനായിട്ടത്രേ ഉളവായത്. |
| മർക്കൊ. 2:28 | ആകയാൽ മനുഷ്യപുത്രൻ ശബ്ബത്തിന്റെയും കർത്താവാകുന്നു എന്നു പറഞ്ഞു. |
| മർക്കൊ. 3:1 | അവൻ വീണ്ടും സിനഗോഗിലേക്കു പ്രവേശിച്ചു; അവിടെ വരണ്ട കൈയുള്ള ഒരു മനുഷ്യൻ ഉണ്ടായിരുന്നു. |
| മർക്കൊ. 3:2 | അവനെ കുറ്റപ്പെടുത്തേണ്ടതിന്, അവൻ അവനെ ശബ്ബത്തിൽ സൗഖ്യമാക്കുമോ എന്ന് അവർ സൂക്ഷ്മമായി നോക്കിക്കൊണ്ടിരുന്നു. |
| മർക്കൊ. 3:3 | അവൻ വരണ്ട കൈയുള്ള മനുഷ്യനോട്, എഴുന്നേറ്റ് നടുവിൽ നിൽക്കുക എന്നു പറഞ്ഞു. |
| മർക്കൊ. 3:4 | അവൻ അവരോട്, ശബ്ബത്തിൽ നന്മ ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ, ജീവനെ രക്ഷിക്കുന്നതോ കൊല്ലുന്നതോ, ന്യായം? എന്നു ചോദിച്ചു. എന്നാൽ അവർ നിശബ്ദരായിരുന്നു. |
| മർക്കൊ. 3:5 | അവൻ ദേഷ്യത്തോടെ അവരെ ചുറ്റും നോക്കി, അവരുടെ ഹൃദയ കാഠിന്യത്തിൽ അതിയായി ദുഃഖിച്ചുകൊണ്ട്, ആ മനുഷ്യനോട്, നിന്റെ കൈ നീട്ടുക എന്നു പറഞ്ഞു. അവൻ നീട്ടുകയും, അവന്റെ കൈ പൂർവസ്ഥിതിയിലാകുകയും ചെയ്തു. |
| മർക്കൊ. 3:6 | പരീശന്മാർ പുറത്തുപോയി അവനെ എങ്ങനെ നശിപ്പിക്കണമെന്ന് അവനെതിരെ ഹെരോദ്യരുമായി ഉടനെ ആലോചന നടത്തി. |

7. ക്രിസ്തു ലോകത്തിന്റെ വെളിച്ചവും, നാം ജീവന്റെ വെളിച്ചം ഉണ്ടായിരിക്കുവാനും ദിവ്യവെളിച്ചത്തെ വ്യാപിപ്പിക്കുന്നതിനായി അവന്റെ വിതരണക്കാരായിരിക്കുവാനുമുള്ള അവന്റെ അനുയായികളുമാണ്—യോഹ. 8:12; മത്താ. 5:14-16; ഫിലി. 2:12-16; 1 യോഹ. 1:5, 7, 9; വെളി. 21:23.

| | |
|---|---|
| യോഹ. 8:12 | അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു. |
| മത്താ. 5:14 | നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ സ്ഥിതിചെയ്യുന്ന പട്ടണം മറഞ്ഞിരിക്കുന്നത് അസാധ്യമാകുന്നു. |
| മത്താ. 5:15 | വിളക്കു കത്തിച്ചു അതിനെ പറയിൻകീഴിലല്ല |

വിളക്കുതണ്ടിന്മേലത്രേ വയ്ക്കുന്നത്; വീട്ടിലുള്ള എല്ലാവർക്കും അതു പ്രകാശിക്കുന്നു.

മത്താ. 5:16 അങ്ങനെതന്നെ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ അവർ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ.

ഫിലി. 2:12 അതിനാൽ എന്റെ പ്രിയരേ, നിങ്ങൾ എപ്പോഴും അനുസരിച്ചതുപോലെ, എന്റെ സാന്നിധ്യത്തിൽ മാത്രമല്ല അതിലുപരി ഇപ്പോൾ എന്റെ അസാന്നിധ്യത്തിലും, ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയെ പുറപ്പെടുവിക്കുവിൻ.

ഫിലി. 2:13 എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു.

ഫിലി. 2:14 വക്രവും വികടവുമായ തലമുറയുടെ മധ്യേ നിങ്ങൾ കുറ്റമില്ലാത്തവരും കളങ്കമില്ലാത്തവരുമായി, നിഷ്കളങ്കരായ ദൈവമക്കൾ ആകേണ്ടതിന്, സകലവും പിറുപിറുപ്പുകളും വാദങ്ങളും കൂടാതെ ചെയ്യുവിൻ.

ഫിലി. 2:15 ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു,

ഫിലി. 2:16 അങ്ങനെ ഞാൻ വ്യർഥമായി ഓടിയതുമില്ല വ്യർഥമായി അധ്വാനിച്ചതുമില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകുമല്ലോ.

1 യോഹ. 1:5 ഇതു കൂടാതെ, ദൈവം വെളിച്ചം ആകുന്നു എന്നും അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നും ഞങ്ങൾ അവനിൽനിന്നു കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു,

കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

**III. നാം വേർതിരിക്കപ്പെട്ടവരും ദൈവത്തിനായി വിശുദ്ധരാക്കപ്പെട്ടവരുമായ ദൈവത്തിന്റെ വിശുദ്ധന്മാരാണ്—റോമ. 1:7; 1 കൊരി. 1:2, 30; പ്ര.നി. സംഖ്യാ. 6:1-9:**

| | |
|---|---|
| റോമ. 1:7 | റോമയിലുള്ള, ദൈവത്തിന്റെ പ്രിയരും വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നത്: നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശു ക്രിസ്തുവിൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. |
| 1 കൊരി. 1:2 | കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്: |
| 1 കൊരി. 1:30 | എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ, |
| സംഖ്യ. 6:1 | യഹോവ പിന്നെയും മോശെയോടു അരുളിച്ചെയ്തതു: |
| സംഖ്യ. 6:2 | നീ യിസ്രായേൽമക്കളോടു പറയേണ്ടതെന്തെന്നാൽ: ഒരു പുരുഷനാകട്ടെ സ്ത്രീയാകട്ടെ യഹോവെക്കു തന്നെത്താൻ സമർപ്പിക്കേണ്ടതിന്നു നാസീർവ്രതം എന്ന വിശേഷവിധിയായുള്ള വ്രതം ദീക്ഷിക്കുമ്പോൾ |
| സംഖ്യ. 6:3 | വീഞ്ഞും മദ്യവും വർജ്ജിച്ചിരിക്കേണം: വീഞ്ഞിന്റെ കാടിയും മദ്യത്തിന്റെ കാടിയും കുടിക്കരുതു; മുന്തിരിപ്പഴത്തിന്റെ യാതൊരു രസവും കുടിക്കരുതു; മുന്തിരിങ്ങ പഴുത്തതാകട്ടെ ഉണങ്ങിയതാകട്ടെ തിന്നുകയുമരുതു. |
| സംഖ്യ. 6:4 | തന്റെ നാസീർവ്രതകാലത്തു ഒക്കെയും കുരുതൊട്ടു തൊലിവരെ മുന്തിരിങ്ങാകൊണ്ടു ഉണ്ടാക്കുന്നതു ഒന്നും അവൻ തിന്നരുതു. |
| സംഖ്യ. 6:5 | നാസീർവ്രതകാലത്തൊക്കെയും ക്ഷൌരക്കത്തി അവന്റെ തലയിൽ തൊടരുതു; യഹോവെക്കു തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലം തികയുവോളം അവൻ വിശുദ്ധനായിരിക്കേണം: തലമുടി വളർത്തേണം. |
| സംഖ്യ. 6:6 | അവൻ യഹോവെക്കു തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലത്തൊക്കെയും ശവത്തിന്റെ അടുക്കൽ ചെല്ലരുതു; |
| സംഖ്യ. 6:7 | അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നിവരിൽ ആരെങ്കിലും മരിക്കുമ്പോൾ അവരാൽ അവൻ തന്നെത്താൻ അശുദ്ധനാകരുതു; അവന്റെ ദൈവത്തിന്റെ നാസീർവ്രതം അവന്റെ തലയിൽ ഇരിക്കുന്നു; |
| സംഖ്യ. 6:8 | നാസീർവ്രതകാലത്തു ഒക്കെയും അവൻ യഹോവെക്കു വിശുദ്ധൻ ആകുന്നു. |
| സംഖ്യ. 6:9 | അവന്റെ അടുക്കൽവെച്ചു വല്ലവനും പെട്ടെന്നു മരിക്കയും അവന്റെ |

നാസീർവ്രതമുള്ള തലയെ അശുദ്ധമാക്കുകയും ചെയ്താൽ അവൻ തന്റെ ശുദ്ധീകരണദിവസത്തിൽ തല ക്ഷൌരം ചെയ്യേണം; ഏഴാം ദിവസം അവൻ ക്ഷൌരം ചെയ്യേണം.

A. സ്ഥാനീയമായി നാം അവന്റെ വീണ്ടെടുപ്പിൻ രക്തത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു—എബ്രാ. 13:12.

എബ്രാ. 13:12 — അതുകൊണ്ട് യേശുവും, തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്, കവാടത്തിനു പുറത്ത് കഷ്ടം സഹിച്ചു.

B. സ്വഭാവപരമായി നാം അവന്റെ വിശുദ്ധ പ്രകൃതത്താൽ വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു—2 തെസ്സ. 2:13; എബ്രാ. 2:10-11; 1 കൊരി. 6:11; എഫെ. 5:26; 1 തെസ്സ. 5:23-24.

2 തെസ്സ. 2:13 — എന്നാൽ കർത്താവിന്റെ പ്രിയ സഹോദരന്മാരേ, ദൈവം ആദി മുതലേ നിങ്ങളെ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയിങ്കലേക്ക് തിരഞ്ഞെടുത്തതിനാൽ, നിങ്ങളെക്കുറിച്ച് എപ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു,

എബ്രാ. 2:10 — എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 2:11 — എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

1 കൊരി. 6:11 — നിങ്ങളിൽ ചിലർ ഈ വകക്കാരായിരുന്നു; എന്നാൽ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും, നിങ്ങൾ കഴുകപ്പെട്ടും വിശുദ്ധീകരിക്കപ്പെട്ടും നീതീകരിക്കപ്പെട്ടുമിരിക്കുന്നു.

എഫെ. 5:26 — അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

1 തെസ്സ. 5:23 — അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

1 തെസ്സ. 5:24 — നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാകുന്നു, അവൻ അത് ചെയ്യും.

**IV. നമ്മുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെ മഹിമപ്പെടുത്തുന്നതിനുവേണ്ടി അവനെ ജീവിക്കുവാൻ, ക്രിസ്തുവുമായുള്ള ഒരു ജൈവിക ഐക്യത്തിൽ നമ്മുടെ സമൃദ്ധമായ സഹായത്തിനുള്ള ഉള്ളടക്കമായി ക്രിസ്തു ഉള്ള, ക്രിസ്തുവുമായി ഒന്നായിരിക്കുന്ന ക്രിസ്തു-മനുഷ്യരായ ക്രിസ്ത്യാനികളാണ് നാം—പ്രവൃ. 11:26; 26:28; 1 പത്രൊ. 4:16; 1 കൊരി. 6:17; 2 കൊരി. 4:7; ഫിലി. 1:19-21:**

പ്രവൃ. 11:26 അവനെ കണ്ടെത്തിയപ്പോൾ, അവൻ അവനെ അന്ത്യോക്യയിലേക്ക് കൊണ്ടുവന്നു. ഒരു വർഷക്കാലം മുഴുവൻ അവർ സഭയിൽ കൂടിവരുകയും ഗണ്യമായ കൂട്ടത്തെ ഉപദേശിക്കുകയും ചെയ്തു, അന്ത്യോക്യയിൽ വച്ച് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടു.

പ്രവൃ. 26:28 അഗ്രിപ്പാവ് പൗലൊസിനോട്, ഇത്ര അൽപംകൊണ്ട് നീ എന്നെ ക്രിസ്ത്യാനി ആകുവാൻ പ്രേരിപ്പിക്കുന്നുവോ?

1 പത്രൊ. 4:16 എന്നാൽ ക്രിസ്ത്യാനിയായിട്ട്, അവൻ ലജ്ജിക്കാതെ ഈ നാമത്തിൽ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

A. ഒരു ക്രിസ്ത്യാനിയായിരിക്കുന്നതിന്റെ ലക്ഷ്യവും ദൈവം തന്റെ വ്യവസ്ഥയിൽ നമുക്കുവേണ്ടി നിയോഗിച്ചിരിക്കുന്ന ഭാഗധേയവും ദൈവത്തിന്റെ മഹത്വത്തിനും അവന്റെ ആവിഷ്കാരത്തിനും വേണ്ടി ക്രിസ്തുവിനെ ജീവിക്കുന്നതിനായി നാം ആത്മാവിനാൽ നടക്കുക എന്നതാണ്—ഗലാ. 2:20; 5:16, 25; 6:17; യെശ. 43:7; 1 കൊരി. 6:20; 10:31.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

ഗലാ. 5:16 എന്നാൽ ഞാൻ പറയുന്നു, ആത്മാവിനാൽ നടക്കുവിൻ,

നിങ്ങൾ ഒരുവിധത്തിലും ജഡത്തിന്റെ മോഹത്തെ നിവർത്തിക്കുകയില്ല.

ഗലാ. 5:25 ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ, ആത്മാവിനാൽ നമുക്ക് നടക്കുകയും ചെയ്യാം.

ഗലാ. 6:17 ഇനി ആരും എന്നെ അസഹ്യപ്പെടുത്താതിരിക്കട്ടെ, ഞാൻ എന്റെ ശരീരത്തിൽ യേശുവിന്റെ ചൂടടയാളങ്ങൾ വഹിക്കുന്നുവല്ലോ.

യെശ. 43:7 എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും.

1 കൊരി. 6:20 നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അതിനാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.

1 കൊരി. 10:31 അതുകൊണ്ട് നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും, മറ്റെന്തു ചെയ്താലും, സകലവും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ.

B. ഈ ഭൂമിയിലുള്ള ഓരോ ക്രിസ്ത്യാനിക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടിയുള്ള അവന്റെ പ്രവർത്തിക്കുന്ന ഒരു അവയവമെന്ന നിലയിൽ കർത്താവ് അവന് നിയോഗിച്ചിരിക്കുന്ന ഒരു പ്രത്യേക യാത്രയുണ്ട്; അവൻ ആ യാത്ര തനിയെ ഏറ്റെടുക്കേണ്ടതുണ്ട്; മറ്റാർക്കും അവന് പകരമായിരിക്കുവാനോ അവന് മറ്റൊരുവനെ പകരംവയ്ക്കുവാനോ കഴിയുകയില്ല—പ്രവൃ. 13:22, 25, 36; 20:24; 1 കൊരി. 9:24; 12:14-22; 2 തിമൊ. 4:7-8.

പ്രവൃ. 13:22 അവനെ സ്ഥാനഭ്രഷ്ടനാക്കിയപ്പോൾ, അവൻ ദാവീദിനെ അവർക്ക് രാജാവായി എഴുന്നേൽപ്പിച്ചു, ഞാൻ യിശ്ശായിയുടെ മകനായ, എന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യനായ, ദാവീദിനെ കണ്ടെത്തിയിരിക്കുന്നു, അവൻ എന്റെ സകല ഹിതവും ചെയ്യും എന്ന് അവനോട് സാക്ഷീകരിച്ചു പറഞ്ഞു.

പ്രവൃ. 13:25 യോഹന്നാന്റെ ഓട്ടം പൂർത്തിയാകാറായപ്പോൾ അവൻ പറഞ്ഞു, ഞാൻ ആരാകുന്നു എന്ന് നിങ്ങൾ കരുതുന്നു? ഞാൻ ക്രിസ്തു അല്ല. എന്നാൽ ഇതാ, ഒരുവൻ എന്റെ പിന്നാലെ വരുന്നു, അവന്റെ പാദങ്ങളിലെ ചെരുപ്പ് അഴിക്കുവാൻ ഞാൻ യോഗ്യനല്ല.

പ്രവൃ. 13:36 ദാവീദ്, തന്റെ തലമുറയെ ദൈവത്തിന്റെ ആലോചനയാൽ സേവിച്ചിട്ട്, തീർച്ചയായും നിദ്ര പ്രാപിച്ച് തന്റെ പിതാക്കന്മാരോടുകൂടെ അടക്കപ്പെട്ട് ദ്രവത്വം കണ്ടു.

പ്രവൃ. 20:24 എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല.

| | |
|---|---|
| 1 കൊരി. 9:24 | ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ. |
| 1 കൊരി. 12:14 | ശരീരം ഒരു അവയവം അല്ല, പലതത്രേ. |
| 1 കൊരി. 12:15 | ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല. |
| 1 കൊരി. 12:16 | ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല. |
| 1 കൊരി. 12:17 | ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ? |
| 1 കൊരി. 12:18 | എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു. |
| 1 കൊരി. 12:19 | എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ? |
| 1 കൊരി. 12:20 | എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ. |
| 1 കൊരി. 12:21 | കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല. |
| 1 കൊരി. 12:22 | എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു. |
| 2 തിമൊ. 4:7 | ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു. |
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |